പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2176 27-10-2026-ൽ മറുപടിയ്ക്ക്

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് തടയുന്നത്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഫാത്തിമ തഹിലിയ

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തേക്ക് അന്യസംസ്ഥാനങ്ങളിൽനിന്ന് ചരക്ക് ലോറികൾ, ടെയിനുകൾ, മറ്റു പ്രത്യേകം തയ്യാറാക്കിയ വാഹനങ്ങൾ എന്നിവ മുഖേന ലഹരിവസ്തുക്കൾ കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിനായി ഓപ്പറേഷൻ ക്ലീഫാന്റെ ഭാഗമായി ചെക്ക്പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളെപ്പറ്റി വിശദമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് തടയുന്നതുമായി ബന്ധപ്പെട്ട ശക്തമായ നടപടികളുടെ ഭാഗമായി കേരള-കർണ്ണാടക അതിർത്തിയിൽ കർശന നിരീക്ഷണം നടത്തണമെന്ന അഭ്യർത്ഥനയ്ക്ക് മറുപടിയായി, അതിർത്തി പ്രദേശങ്ങളിലെ പരിശോധനകളും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിന് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിക്കുമെന്ന് ബഹു: കർണ്ണാടക മുഖ്യമന്ത്രി ഉറപ്പ് നൽകിയിട്ടുള്ളതും ആയത് നടത്തിവരുന്നതുമാണ്. കൂടാതെ ആഭ്യന്തരമന്ത്രി, ബഹു.തമിഴ്നാട് മുഖ്യമന്ത്രി സി.ജോസഫ് വിജയെ സന്ദർശിക്കുകയും കേരള സർക്കാരിന്റെ ലഹരിവിരുദ്ധ പദ്ധതിയായ ഓപ്പറേഷൻ ക്ലീഫാൻ ശക്തിപ്പെടുത്തുന്നതിനായി തമിഴ്നാട് പോലീസിന്റെ പൂർണ്ണ പിന്തുണ അറിയിക്കുകയും കേരള-തമിഴ്നാട് അതിർത്തിയിൽ ലഹരിക്കടത്ത് തടയാൻ സംയുക്ത നടപടികൾ, ഇരു സംസ്ഥാന പൊലീസും തമ്മിൽ രഹസവിവര(Intelligence) കൈമാറ്റം ശക്തമാക്കുക, അതിർത്തി പരിശോധനയും നിരീക്ഷണവും വർദ്ധിപ്പിക്കുക, യുവജനങ്ങളിൽ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സംയുക്തമായി നടത്തുക എന്നീ പ്രധാന തീരുമാനങ്ങൾ എടുത്തിട്ടുള്ളതും ആയത് നടത്തിവരുന്നതുമാണ്. കൂടാതെ ഓപ്പറേഷൻ ക്ലീഫാന്റെ ഭാഗമായി ടെയിനുകൾ, റെയിൽവേസ്റ്റേഷനുകൾ എന്നിവിടങ്ങളിൽ കർശനമായ പരിശോധനകൾ രാത്രിയും പകലും നടത്തുന്നുണ്ട്

(ബി) അന്യസംസ്ഥാനങ്ങളിലെ പോലീസ് ഫോഴ്സുമായി ചേർന്ന് ഇത്തരം സംഘങ്ങളെ കണ്ടെത്തുന്നതിനും വിതരണ ശൃംഖല തകർക്കുന്നതിനുമുള്ള പദ്ധതികളെപ്പറ്റി വ്യക്തമാക്കാമോ?

മറുപടി: ഓപ്പറേഷൻ ത്രൂഫാന്റെ ഭാഗമായി 10.07.2026-ൽ പോലീസ് ആസ്ഥാനത്ത് വെച്ച് ആഭ്യന്തര മന്ത്രിയുടെ നേതൃത്വത്തിൽ Inter Co-ordination യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിൽ തമിഴ്നാട്, പുതുച്ചേരി, ഡി.ജി.പിമാരും കർണ്ണാടകയിലെ ADGP L&O , തെലുങ്കാനയിലെയും ആന്ധ്രാപ്രദേശിലെയും നാർക്കോട്ടിക് ചുമതല വഹിക്കുന്ന SP മാർ തുടങ്ങിയ അയൽ സംസ്ഥാനങ്ങളിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥരും മറ്റു സമാന കേന്ദ്ര എജൻസികളുടെ പ്രതിനിധികളും കേരളത്തിലെ ഡി.ജി.പി മുതൽ ഐ.ജി മാർ വരെയുള്ള ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു. ഇതിനെ തുടർന്ന് അന്യസംസ്ഥാന പോലീസ് സേനകളുടെയും മറ്റു സമാന കേന്ദ്ര എജൻസികളുടെയും നോഡൽ ഓഫീസർമാരുമായി ഏകോപിപ്പിച്ചാണ് നിലവിൽ അന്യസംസ്ഥാന ലഹരി കേസുകളിൽ ഓപ്പറേഷൻ ത്രൂഫാന്റെ പ്രവർത്തനം നടക്കുന്നത്. സംസ്ഥാന അതിർത്തികളിൽ ലഹരിക്കടത്ത് തടയാൻ അയൽ സംസ്ഥാന പൊലീസുമായി ചേർന്നുള്ള സംയുക്ത നടപടികൾ കൂടാതെ രഹസ്യവിവര കൈമാറ്റം ശക്തമാക്കിയിട്ടുള്ളതും അതിർത്തി പരിശോധനയും നിരീക്ഷണവും വർധിപ്പിച്ചിട്ടുള്ളതുമാണ്. യുവാക്കളിൽ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സംയുക്തമായി നടത്തുകയും കേസിൽ ഉൾപ്പെട്ട പ്രതികളുടെ സാമ്പത്തിക സ്രോതസ്സ് അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും നെറ്റ് വർക്ക് ഇൻവസ്റ്റിഗേഷൻ നടത്തി ഡ്രഗ്സ് സിന്റിക്കേറ്റിനെ നിയമ നടപടികൾക്കുള്ളിൽ കൊണ്ടു വരിക എന്നീ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. അന്തർ സംസ്ഥാന, അന്തർദേശീയ ബന്ധമുള്ള മയക്കുമരുന്ന് കേസുകളുടെ അന്വേഷണത്തിനായി നമ്മുടെ സംസ്ഥാനത്ത് ആന്റി നർക്കോട്ടിക്ക് ടാസ്ക് ഫോഴ്സ് (ANTF) രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ട്. ഇക്കാര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിലെ (ANTF) ലെയും മറ്റ് കേന്ദ്ര ഏജൻസികളുടെയും നോഡൽ ഓഫീസർമാരുമായി സഹകരിച്ച് കൂടുതൽ അന്വേഷണം നടത്തുന്നുണ്ട്. അത്യാധുനിക പ്രതിരോധ നീരീക്ഷിണ സംവിധാനങ്ങൾ ഉപയോഗിച്ച് ഇത്തരം ലഹരിക്കടത്തും ഉത്പാദനവും വിൽപനയും തടയുന്നതിനായി കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ